ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 04.09.2026 TIME : 07.25 AM

# പ്രധാന വാർത്തകൾ

1. ഇന്ത്യയുടെ അത്യാധുനിക ഭൗമനിരീക്ഷണ ഉപഗ്രഹമായ **EOS**-05 വിക്ഷേപണം വിജയകരം; ദൗത്യം ഇന്ത്യയുടെ ഭൗമ നിരീക്ഷണ സേവനങ്ങൾ മെച്ചപ്പെടുത്തുമെന്ന് ഐഎസ്ആർഒ.

   **India successfully launches advanced earth observation satellite EOS-05; ISRO says the mission will boost India's earth observation services.**

2. ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ ഇന്ന് ചണ്ഡീഗഢിലെ പഞ്ചാബ് സർവകലാശാല സന്ദർശിക്കും.

   **Vice President C. P. Radhakrishnan to visit Panjab University in Chandigarh today.**

3. 2026 ലെ വിദേശ സംഭാവന നിയന്ത്രണ ഭേദഗതി ബിൽ പരിശോധിക്കുന്നതിനായി 31 അംഗ സംയുക്ത പാർലമെൻററി സമിതിക്ക് രൂപം നൽകി കേന്ദ്ര സർക്കാർ.

   **Govt constitutes 31-member Joint Parliamentary Committee to examine the Foreign Contribution (Regulation) Amendment Bill, 2026.**

4. ഇന്ന് ജന്മാഷ്ടമി, ആശംസകൾ നേർന്ന് രാഷ്ട്രപതി ഉൾപ്പെടെയുള്ള പ്രമുഖർ, കേരളത്തിലെ ശ്രീകൃഷ്ണസ്വാമി ക്ഷേത്രങ്ങളിൽ വൻ ഭക്തജനത്തിരക്ക്.

   **Today is Janmashtami; the President and other dignitaries extend greetings, and a heavy rush of devotees is seen at Sri Krishna temples across Kerala.**

5. പ്രളയക്കെടുതി നേരിടുന്ന നേപ്പാളിൽ രക്ഷാ-ദുരിതാശ്വാസ-പ്രവർത്തനങ്ങൾ ഊർജിമാക്കാൻ കൂടുതൽ സഹായമെത്തിച്ച് ഇന്ത്യ.

**India sends more assistance to step up rescue and relief operations in flood-hit Nepal.**

6. വനിതാ ഏഷ്യൻ കപ്പ് ട്വന്റി-20 ക്രിക്കറ്റിൽ സെമിഫൈനലിൽ കടന്ന് ഇന്ത്യ . ഹോങ്കോങ്ങിനെ പരാജയപ്പെടുത്തിയത് 137 റൺസിന്.

**India enters the semifinals of Women's T20 Asia Cup cricket, defeating Hong Kong by 137 runs.**

.

❁❁❁❁❁❁❁❁❁❁❁❁❁

## ISRO -SATELLITE (INTRO)

ഇന്ത്യയുടെ അത്യാധുനിക ഭൗമനിരീക്ഷണ ഉപഗ്രഹമായ EOS-05 വിക്ഷേപണം വിജയകരം. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്ന് ഇന്ന് പുലർച്ചെ 2.55ന് GSLV– F17 റോക്കറ്റ് ഉപയോഗിച്ചായിരുന്നു വിക്ഷേപണം . ഭൂസ്ഥിര ഭ്രമണപഥത്തിൽ ഇന്ത്യ സ്ഥാപിക്കുന്ന ആദ്യത്തെ ഇമേജിങ് ഉപഗ്രഹമാണിത്. വിക്ഷേപണത്തറയിൽ നിന്ന് കുതിച്ചുയർന്ന് ഏകദേശം 18 മിനിറ്റിനുള്ളിൽ, ഉപഗ്രഹം EOS-05 ഭ്രമണപഥത്തിൽ വിജയകരമായി എത്തിച്ചതായി ഐഎസ്ആർഒ അറിയിച്ചു. ഈ ദൗത്യം ഇന്ത്യയുടെ ഭൗമ നിരീക്ഷണ ശേഷി കൂടുതൽ ശക്തിപ്പെടുത്തുമെന്നും ഭൗമ നിരീക്ഷണ സേവനങ്ങൾ മെച്ചപ്പെടുത്തുമെന്നും ഐഎസ്ആർഒ ചെയർമാൻ വി. നാരായണൻ പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁❁

## VP-VISIT

ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ ഇന്ന് ചണ്ഡീഗഢിലെ പഞ്ചാബ് സർവകലാശാല സന്ദർശിക്കും.പഞ്ചാബ് സർവകലാശാലയുടെ എക്സ്-ഒഫിഷ്യോ ചാൻസലർ കൂടിയാണ് അദ്ദേഹം. സർവകലാശാലയുടെ ഗവേഷണം, നവീകരണം, സ്റ്റാർട്ടപ്പ് സംവിധാനങ്ങൾ എന്നിവ

ശക്തിപ്പെടുത്തുന്നതിലെ നിർണ്ണായക ചുവടുവയ്പ്പായ പഞ്ചാബ് യൂണിവേഴ്സിറ്റി ടെക് ഇന്നൊവേഷൻ ഫോറവും ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്യും.

☸☸☸☸☸☸☸☸☸☸☸☸☸

## Parliament on FCRA Bill

2026 ലെ വിദേശ സംഭാവന നിയന്ത്രണ ഭേദഗതി ബിൽ പരിശോധിക്കുന്നതിനായി 31 അംഗ സംയുക്ത പാർലമെൻററി സമിതിക്ക് രൂപം നൽകി കേന്ദ്ര സർക്കാർ. എഫ്സിആർഎ ഭേദഗതി ബിൽ പരിശോധിക്കുന്നതിനുള്ള സംയുക്ത പാനലിന് ലോക്സഭാ എം പി സഞ്ജയ് ജയ്സ്വാൾ നേതൃത്വം നൽകും. ലോക്സഭയിൽ നിന്ന് ഭർതൃഹരി മഹ്താബ്, തേജസ്വി സൂര്യ, നിഷികാന്ത് ദുബെ, എ. രാജ, സുപ്രിയ സുലെ എന്നിവരും ഉൾപ്പെടുന്നു. രാജ്യസഭയിൽ നിന്ന് ഹർഷ് വർധൻ ശൃംഗ്ല, സഞ്ജയ് കുമാർ ഝാ, പ്രഫുൽ പട്ടേൽ, മേനക ഗുരുസ്വാമി എന്നിവരെ സമിതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

☸☸☸☸☸☸☸☸☸☸☸☸☸

## Ashwini Vaishnaw – RAILWAY

റെയിൽവേ സിഗ്നലിംഗ് സംവിധാനം മെച്ചപ്പെടുത്തുന്നതിനും ഓട്ടോമാറ്റിക് ഡോർ സൗകര്യമുള്ള പുതിയ തലമുറ സബർബൻ ട്രെയിനുകൾ അവതരിപ്പിക്കുന്നതിനുമുള്ള ശ്രമത്തിലാണ് ഇന്ത്യൻ റയിൽവേ എന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. മുംബൈ മുതൽ സിന്ധുദുർഗ് വരെയുള്ള എക്സ്പ്രസ് ട്രെയിനിന്റെ ഫ്ലാഗ് ഓഫ് കേന്ദ്രമന്ത്രി ഓൺലൈനായി നിർവഹിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## BRICS- CHIEF JUSTICE FORUM

ബ്രിക്സ് രാജ്യങ്ങളിലെ ചീഫ് ജസ്റ്റിസുമാരുടെ ഫോറത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. സുപ്രീം കോടതിയുടെ ആതിഥേയത്വത്തിൽ നടക്കുന്ന ഉച്ചകോടിയിൽ ബ്രിക്സ് അംഗരാജ്യങ്ങളിൽ നിന്നും പങ്കാളിത്ത രാജ്യങ്ങളിൽ നിന്നുമുള്ള ചീഫ് ജസ്റ്റിസുമാരും പ്രതിനിധികളും പങ്കെടുക്കും. നീതി ന്യായ വിതരണം, അന്താരാഷ്ട്ര തർക്ക പരിഹാരം, സാങ്കേതികവിദ്യ, സുസ്ഥിര വികസനം എന്നീ വിഷയങ്ങളിൽ അനുഭവങ്ങൾ പങ്കുവെക്കാനും ചർച്ചകൾ നടത്താനും ഈ ഫോറം വേദിയാകും.

## MORN. QUAD SHERPAS MEETING

വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി ഇന്നലെ ന്യൂഡൽഹിയിൽ ക്വാഡ് ഷെർപാസ് യോഗം സംഘടിപ്പിച്ചു. സമുദ്ര, അന്തർദേശീയ സുരക്ഷ, സാമ്പത്തിക അഭിവൃദ്ധി, സുരക്ഷ, സാങ്കേതികവിദ്യകൾ, മാനുഷിക സഹായം, അടിയന്തര പ്രതികരണം എന്നിവയുൾപ്പെടെ ക്വാഡ് സഹകരണത്തിന്റെ പ്രധാന മേഖലകൾ ചർച്ചകളിൽ ഉൾപ്പെടുത്തിയതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

## MEA – NEPAL ASSISTANCE

പ്രളയക്കെടുതി നേരിടുന്ന നേപ്പാളിൽ ദുരിതാശ്വാസ-രക്ഷാപ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനായി ഇന്ത്യ രണ്ട് വിമാനങ്ങളിൽ കൂടി സഹായസാമഗ്രികൾ അയച്ചു. 21.5 ടൺ മാനുഷിക സഹായ സാമഗ്രികളുമായി എത്തിയ രണ്ട് വിമാനങ്ങൾ കാഠ്മണ്ഡുവിൽ ഇറങ്ങിയതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

## MORN. MEA DNA PROFILING

അതേസമയം, മിന്നൽപ്രളയത്തിൽ മരിച്ചവരുടെ എണ്ണം 1,259 ആയി ഉയർന്നു. അയ്യായിരത്തിലധികം ആളുകളെ ഇനിയും കണ്ടെത്താനുണ്ട്. നേപ്പാൾ സൈന്യത്തിന്റെ നേതൃത്വത്തിലുള്ള സംയുക്ത സംഘം രക്ഷാപ്രവർത്തനം തുടർന്നു വരികയാണ്. ഇന്ത്യയിൽ നിന്നുള്ള ടണൽ റെസ്ക്യൂ ടീമും സംഘത്തോടൊപ്പം പ്രവർത്തിക്കുന്നുണ്ട്. അതിനിടെ, പ്രളയത്തിൽ കാണാതായ ഇന്ത്യൻ പൗരന്മാരെ തിരിച്ചറിയുന്നതിനായുള്ള ഡി.എൻ.എ സാംപിൾ പരിശോധനയ്ക്ക് കേന്ദ്ര-സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറികളുടെ സേവനം ലഭ്യമാക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അറിയിച്ചു. കാണാതായവരുടെ അടുത്ത ബന്ധുക്കൾക്ക് ഇന്ത്യയിലെ നിർദ്ദിഷ്ട കേന്ദ്രങ്ങളിലെത്തി രക്തസാമ്പിളുകൾ നൽകി ഡി.എൻ.എ പ്രൊഫൈലിങ് പൂർത്തിയാക്കാം.

## JANMASHTAMI

ഇന്ന് ജന്മാഷ്ടമി. ശ്രീകൃഷ്ണജയന്തിയുടെ അവസരത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു പൗരന്മാർക്ക് ആശംസകൾ നേർന്നു. ഭഗവാൻ കൃഷ്ണന്റെ ജീവിതവും ഉപദേശങ്ങളും ഭാരതത്തിന്റെ സാംസ്കാരിക ദർശനങ്ങൾക്ക് പുതുജീവൻ നൽകുന്നതാണെന്ന് രാഷ്ട്രപതി സന്ദേശത്തിൽ പറഞ്ഞു. ലോക്സഭാ സ്പീക്കർ ഓം ബിർളയും ജന്മാഷ്ടമി ആശംസകൾ പങ്കുവെച്ചു. ഉത്തർപ്രദേശിലെ മഥുരയിലും വൃന്ദാവനത്തിലും ഭക്തജനത്തിരക്ക് കണക്കിലെടുത്ത് വ്യാപകമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## JANMASHTAMI – KERALA

അഷ്ടമിരോഹിണി

മഹോത്സവത്തോടനുബന്ധിച്ച് കേരളത്തിലെ ശ്രീകൃഷ്ണസ്വാമി ക്ഷേത്രങ്ങളിൽ വൻ ഭക്തജനത്തിരക്കാണ് അനുഭവപ്പെടുന്നത്. ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിൽ പുലർച്ചെ മുതൽ നിരവധി ഭക്തരാണ് ദർശനത്തിനെത്തുന്നത്. ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിലെ പ്രസിദ്ധമായ അഷ്ടമി രോഹിണി വള്ള സദ്യ ഇന്ന് നടക്കും. ജന്മാഷ്ടമിയോടനുബന്ധിച്ച് വിവിധ സാംസ്കാരിക സംഘടനകളുടെ നേതൃത്വത്തിൽ വിവിധയിടങ്ങളിൽ ശോഭായാത്രകളും സംഘടിപ്പിച്ചിട്ടുണ്ട്. ശോഭായാത്രയോടനുന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ ഇന്ന് ഉച്ചയ്ക്ക് രണ്ട് മണി മുതൽ വൈകിട്ട് ഏഴ് വരെ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁

## JANMASHTAMI – GURUVAYOOR (INTRO)

ശ്രീകൃഷ്ണ ജയന്തി ദിനത്തിൽ ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രത്തിൽ അഭൂതപൂർവ്വമായ ഭക്തജനത്തിരക്ക്..

അഷ്ടമിരോഹിണി ഉത്സവത്തോട് അനുബന്ധിച്ച് കണ്ണനെ തൊഴുതു വണങ്ങാൻ പതിനായിരക്കണക്കിന് തീർത്ഥാടകരാണ് പുലർച്ചെ മുതൽ ഗുരുവായൂർ സന്നിധിയിലേക്ക് എത്തുന്നത്..

**വിശദാംശങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്...**

(വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁❁

## KERALA UNIVERSITY- FAKE WEBSITE

കേരള സർവകലാശാലയുടെ സ്കൂൾ ഓഫ് ഡിസ്റ്റൻസ് എജ്യുക്കേഷൻ എന്ന പേരിൽ പ്രവർത്തിക്കുന്ന വ്യാജ വെബ്സൈറ്റിനെതിരെ വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും സർവകലാശാല മുന്നറിയിപ്പ് നൽകി. വിവിധ വിദൂര വിദ്യാഭ്യാസ പ്രോഗ്രാമുകളിലേക്കുള്ള വ്യാജ പ്രവേശന വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കുന്ന വെബ്സൈറ്റ്, വിദ്യാർഥികളിൽ നിന്ന് രജിസ്ട്രേഷനും ഓൺലൈൻ പേയ്മെന്റും സ്വീകരിക്കുന്നുണ്ട്. പ്രവേശനവുമായി ബന്ധപ്പെട്ട വിവരങ്ങൾ വ്യക്തിഗത വിവരങ്ങൾ കൈമാറുന്നതിനോ പണം അടയ്ക്കുന്നതിനോ മുമ്പ് സർവകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റ് പരിശോധിക്കണമെന്ന് വൈസ് ചാൻസലർ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## RAJEEV CHANDRASEKHAR

തിരുവനന്തപുരം മെട്രോ പദ്ധതി പാപ്പനംകോട് നിന്നും നേമം വരെ നീട്ടണമെന്ന് ആവശ്യവുമായി മുഖ്യമന്ത്രിക്ക് കത്ത് നൽകി രാജിവ് ചന്ദ്രശേഖർ എംഎൽഎ. മെട്രോ റെയിൽ നേമം വരെ നീട്ടുന്നത് തെക്കൻ തിരുവനന്തപുരത്തെ യാത്രക്ലേശം പരിഹരിക്കാൻ ഗുണകരമാകുമെന്ന് ചൂണ്ടിക്കാട്ടിയാണ് മുഖ്യമന്ത്രിക്ക് ശ്രീ രാജീവ് ചന്ദ്രശേഖർ കത്ത് നൽകിയത്.

❁❁❁❁❁❁❁❁❁❁❁❁❁

## CRICKET-WOMENS ASIA CUP

വനിതാ ഏഷ്യൻ കപ്പ് ട്വന്റി-20 ക്രിക്കറ്റിൽ ഹോങ്കോങ്ങിനെ 137 റൺസിന് തകർത്ത് ഇന്ത്യ സെമിഫൈനലിൽ കടന്നു. ഗ്രൂപ്പ് എയിലെ രണ്ടാം മത്സരത്തിൽ 194 റൺസ് വിജയലക്ഷ്യവുമായി ഇറങ്ങിയ ഹോങ്കോങ് 16.2 ഓവറിൽ 56 റൺസിന് പുറത്തായി. 64 പന്തിൽ 124 റൺസ് അടിച്ചുകൂട്ടിയ സ്മൃതി മന്ഥാനയുടെ മിന്നും പ്രകടനമാണ് ഇന്ത്യയ്ക്ക് കരുത്തായത്. ഈ ഇന്നിങ്സോടെ വനിതാ അന്താരാഷ്ട്ര ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ റൺസ് നേടുന്ന താരമെന്ന മിഥാലി രാജിന്റെ റെക്കോർഡ് മന്ഥാന മറികടന്നു. അന്താരാഷ്ട്ര ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ സെഞ്ച്വറികൾ നേടുന്ന വനിതാ ബാറ്ററെന്ന നേട്ടവും സ്മൃതി സ്വന്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

## BADMINTON

ചൈന മാസ്റ്റേഴ്സ് സൂപ്പർ ബാഡ്മിന്റൺ ടൂർണമെന്റിന്റെ പുരുഷ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ, ഇന്ത്യൻ താരം കിഡംബി ശ്രീകാന്ത് ഇന്ന് ഹോങ്കോങ്ങിന്റെ ലീ ചെക്ക് യുവിനെ നേരിടും. ഇന്നലെ നടന്ന മത്സരത്തിൽ കാനഡയുടെ ലോക ഒമ്പതാം നമ്പർ താരം വിക്ടർ ലായിയെ നേരിട്ടുള്ള സെറ്റുകൾക്ക് ശ്രീകാന്ത് പരാജയപ്പെടുത്തിയിരുന്നു. പുരുഷ ഡബിൾസിൽ ഇന്ത്യയുടെ സാത്വിക്സായിരാജ് റാങ്കിറെഡ്ഡി-ചിരാഗ് ഷെട്ടി സഖ്യം ക്വാർട്ടർ ഫൈനലിലേക്ക് മുന്നേറി.

☸☸☸☸☸☸☸☸☸☸☸☸☸

## EPFO- SETTLE DAMAGE

ഇ.പി.എഫ് നഷ്ടപരിഹാര തർക്കങ്ങൾ പരിഹരിക്കുന്നതിനായി തൊഴിലുടമകൾക്കായി 'വിശ്വാസ്-2026' ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുമായി എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ. പദ്ധതിയിലൂടെ വൻ തോതിൽ കുറച്ച പിഴത്തുക മാത്രം അടച്ച് പഴയ തർക്കങ്ങൾ അവസാനിപ്പിക്കാൻ ഇ.പി.എഫ് രജിസ്ട്രേഷനുള്ള സ്ഥാപനങ്ങൾക് അവസരമുണ്ട്. ഈ വർഷം ഡിസംബർ 28 വരെ മാത്രമായിരിക്കും പദ്ധതിയുടെ കാലാവധിയെന്ന് തൊഴിൽ മന്ത്രാലയം അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸
☸☸